(Pages : 4) **T – 1522**

Reg. No. : ..............................

Name : ..................................

## Sixth Semester B.A. Degree Examination, April 2024

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course XII

## ML 1642 : മലയാള വ്യാകരണം

## (2021 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. സംവൃതോകാരത്തെ അര ഉകാരം എന്ന് വിളിച്ചത് ആരാണ്?

2. നാവുകൊണ്ട് ശ്വാസത്തെ അല്പം തടയുന്നത് മൂലം പുറത്തേക്ക് വരുന്ന ശബ്ദങ്ങളെ ഏതു പേരിലാണ് വിളിക്കുന്നത്?

3. 'ചെറുപയർ' എന്നത് ഭേദകങ്ങളുടെ ഏത് ഉൾപ്പിരിവിലാണ് പെടുന്നത്?

4. ആദ്യം വാചകങ്ങളുടെ പദവിയിലിരിക്കുകയും പിന്നീട് ദ്യോതകം ആയി മാറുകയും ചെയ്ത ശബ്ദങ്ങൾക്ക് പറയുന്ന പേരെന്ത്?

5. ഒരു അംഗിവാക്യം മാത്രമുള്ള വാക്യങ്ങളുടെ പേരെന്ത്?

6. 'ഇവിടം' പിരിച്ചെഴുതി സന്ധി നിർണയിക്കുക.

7. എന്താണ് അലിംഗ ബഹുവചനം?

P.T.O.

VTM NSS COLLEGE LIBRARY

8. 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?

9. 'ഓട്ട്' എന്ന പ്രത്യയം ഏത് വിഭക്തിയുടെ ആണെന്നാണ് എ ആർ പറയുന്നത്?

10. ധാതുവിൽ നിന്ന് രൂപം കൊള്ളുന്ന നാമങ്ങൾക്ക് പറയുന്ന പേരെന്ത്?

**(10 × 1 = 10 Marks)**

II. **അൻപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

11. സംവൃതോകാരത്തെക്കുറിച്ച് ഏ.ആറിന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

12. പ്രകൃതി, പ്രത്യയം, പദം ഇവ എന്താണെന്ന് വിശദീകരിക്കുക.

13. പേരച്ചം, വിനയെച്ചം ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്?

14. ആഖ്യ, ആഖ്യാതം ഇവ എന്താണെന്ന് വിശദീകരിക്കുക.

15. വർത്സ്യവർണ്ണങ്ങൾ ഏതെല്ലാമാണ്? വിശദീകരിക്കുക.

16. ദ്രവ്യനാമം എന്നാൽ എന്ത്? അതിന്റെ ഉൾപ്പിരിവുകൾ വിശദീകരിക്കുക.

17. കൃത്ത് എന്നാൽ എന്ത്? വിവരിക്കുക.

18. സന്ധി എന്നാൽ എന്ത്? സന്ധിക്കുന്ന വർണ്ണങ്ങളുടെ സ്ഥാനഭേദമനുസരിച്ച് സന്ധിയെ എങ്ങനെയെല്ലാം വിഭജിക്കാം?

19. വിഭക്ത്യാഭാസം എന്നാൽ എന്ത്? അവാന്തരവിഭാഗങ്ങൾ പരിചയപ്പെടുത്തുക.

VTM NSS COLLEGE LIBRARY

20. വാക്യങ്ങളെ എങ്ങനെയെല്ലാം തരം തിരിക്കാം?

21. എന്താണ് തദ്ധിതം? ഇവയെ എങ്ങനെയെല്ലാം വിഭജിക്കാം?

22. എന്താണ് അനുനാസികസംസർഗം?

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരം എഴുതുക.

23. വർണ്ണം, അക്ഷരം, ലിപി ഇവ എന്താണെന്ന് വ്യക്തമാക്കുക.

24. വാചകവും ദ്യോതകവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

25. സമാസം എന്നാൽ എന്ത്? മലയാളത്തിലെ സമാസങ്ങൾ ഏവ?

26. ക്രിയകളെ എങ്ങനെയെല്ലാം വിഭജിക്കാം? വിശദീകരിക്കുക.

27. മലയാള വ്യാകരണത്തിന്റെ ചരിത്രം സംഗ്രഹിക്കുക.

28. കാരകങ്ങളുടെ പ്രത്യേകതകൾ വിശദീകരിക്കുക.

29. നാമധാതുവും ഖിലധാതുവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്?

30. ആഗമസന്ധിയുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?

31. അനുപ്രയോഗങ്ങൾ എന്നാൽ എന്ത്? വിവരിക്കുക.

**(6 × 4 = 24 Marks)**



VTM NSS COLLEGE LIBRARY

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. നാമവിഭാഗങ്ങളെ വിശദമായി പ്രതിപാദിക്കുക.

33. വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതി ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കുക.

34. ക്രിയകളെ എങ്ങനെയെല്ലാം വിഭജിക്കാം? വിശദീകരിക്കുക.

35. ലീലാതിലകത്തിലും കേരളപാണിനീയത്തിലും സന്ധികാര്യങ്ങളെ എപ്രകാരം സമീപിക്കുന്നുവെന്ന് താരതമ്യം ചെയ്യുക.

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY